പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4926 04-07-2012 -ൽ മറുപടിക്ക്.

<u>കള്ളു ഷാപ്പ് ലൈസൻസ്</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് കള്ളുഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) ഉണ്ട്. കേരള പഞ്ചായത്തീ രാജ് ആക്ടിലെ, റദ്ദാക്കപ്പെട്ട സെക്ഷൻ 232 -ലെ 2, 3, 4, മുനിസിപ്പാലിറ്റീസ് ആക്ടിലെ സെക്ഷൻ 447-ലെ 6, 7, 8 എന്നീ ഉപ വകുപ്പുകൾ പുനഃസ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കള്ള് ഷാപ്പുകൾ അനുവദിക്കുന്നത് സംബന്ധിച്ച് നയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) പരമ്പരാഗത വ്യവസായമെന്ന നിലയിൽ, കള്ള് ചെത്ത് വ്യവസായത്തെ പൂർണ്ണമായി സംരക്ഷിച്ച്, ശുദ്ധമായ കള്ള് മാത്രം, കള്ള് ഷാപ്പുകളിലൂടെ വിതരണം ചെയ്യുക എന്നതാണ് 2011-12-ലെ സർക്കാരിന്റെ മദ്യനയത്തിൽ വിഭാവനം ചെയ്യുന്നത്. |
| (സി) | ഷാപ്പുകൾക്ക് ലൈസൻസ് ലഭിക്കാത്ത പ്രദേശങ്ങളിലെ മദ്യാസക്തിയുള്ളവർ തൊട്ടടുത്ത പ്രദേശത്തെ ലൈസൻസുള്ള കള്ള് ഷാപ്പുകളിലേക്ക് എത്തുന്നത് തടയാൻ ചെക്ക് പോസ്റ്റുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ; | (സി) ഇല്ല. |
| (ഡി) | അത്തരം ചെക്ക് പോസ്റ്റുകളിൽ ബ്രെത്ത് അനലൈസർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ആഫീസർ